IX അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയഞ്ചാമതു റിപ്പോർട്ട്

ശ്രീ. എം. എം. ഹസ്സൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 25-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.....(ബഹളം)

[1984-ലെ കേരള കെട്ടിടനിർമ്മാണ തൊഴിലാളിക്ഷേമനിധി ബിൽ (ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയത്) സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം, മെമ്പർ സീറ്റിലില്ലാതിരുന്നതിനാൽ ചർച്ചക്കെടുത്തില്ല.]

(2) 1985-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സംബന്ധിച്ച ചർച്ച

ശ്രീ. പി. സി. ജോർജ് : സർ, 1985-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരുന്നപ്പോഴും പല ദിവസങ്ങളിലും ഞാൻ സംസാരിച്ചതാണ്. ഈ ബിൽ നിയമമായാൽ സംസ്ഥാനഗവൺമെന്റിന് യാതൊരു നഷ്ടവും വരുന്നില്ല. മാത്രമല്ല ഈ നിയമം ഉണ്ടാക്കുന്നതുകൊണ്ട് ഗവൺമെന്റിന് യാതൊരു ബുദ്ധിമുട്ടുകളുമില്ല. ആ നിലയ്ക്ക് ഈ ബിൽ അംഗീകരിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുവാനുള്ളത്. എം. എൽ. എ. മാരുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള ധർമ്മസമരവുമായിട്ടാണ് ഞങ്ങൾ ഈ അനൗദ്യോഗിക ബില്ലുകളുമായി ഈ സഭയിലേക്ക് വന്നിരിക്കുന്നത്. കഴിഞ്ഞ നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരുന്നപ്പോൾ ഞാനും ഈ സഭയിലെ മറ്റ് അംഗങ്ങളും ഇതുപോലെ അനൗദ്യോഗിക ബില്ലുകൾ ഈ സഭയിൽ അവതരിപ്പിക്കുകയുണ്ടായി. ഈ ബിൽ നിയമമാക്കണം, ഈ രാജ്യത്തിന്റെ മാറ്റത്തിനനുസരിച്ച് നിയമങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ട്. (ഈ സമയമത്രയും പ്രതിപക്ഷാംഗങ്ങൾ ഉച്ചത്തിൽ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ : ഏതായാലും ഈ കാര്യത്തെ സംബന്ധിച്ച് കക്ഷിനേതാക്കൻമാരുമായി ആലോചിക്കാം.

സഭാ നടപടി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കക്ഷിനേതാക്കൻമാരുമായി ആലോചിച്ചതിനുശേഷം 12.30-ന് സഭ വീണ്ടും ചേരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly